ചെയ്തിട്ടുണ്ട്. കൂടാതെ വിരമിക്കൽ തീയതി എകീകരിച്ചില്ലായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന പ്രവേശന തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും നിയമനം നടത്തുന്നതിനും എല്ലാ നിയമനാധികാരികൾക്കും 12-10-2010-ലെ 8040/ഉ.പ.സി3/10 എന്ന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(ബി) 8-12-2009-ലെ 13544/09/P&ARD എന്ന സർക്കുലർ പ്രകാരം കൂട്ട വിരമിക്കൽമൂലം ഉണ്ടാകുമായിരുന്ന ഉയർന്ന തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് D.P.C list-കൾ കാലേകൂട്ടി തയ്യാറാക്കി സൂക്ഷിക്കുന്നതിനും 30-12-2009-ലെ 21/2009/P&ARD എന്ന സർക്കുലർ ഉത്തരവിലൂടെ പൊതു സ്ഥലം മാറ്റങ്ങൾ നേരത്തെ ആക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

(സി) ധനകാര്യവർഷത്തിന്റെ ഇടയ്ക്കുള്ള വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ സർവ്വീസിന്റെ കാര്യക്ഷമതയ്ക്ക് തടസ്സം സൃഷ്ടിക്കും എന്നുള്ളതുകൊണ്ടാണ് വിരമിക്കൽ തീയതി വർഷാവസാനമായി ഏകീകരിച്ചത്. ഇതുകൊണ്ട് ഭരണ പ്രതിസന്ധി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ

33 (75) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 1 മുതൽ സംസ്ഥാന സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷനിൽ എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയായി എന്നും റിപ്പോർട്ട് ലഭ്യമായി എന്നും വ്യക്തമാക്കുമോ ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇനി എത്ര അന്വേഷണ കമ്മീഷനുകൾ റിപ്പോർട്ടുകൾ ലഭ്യമാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഓർഡിനൻസുകൾ

34 (77) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ നടപ്പിൽ വരാത്ത എത്ര ഓർഡിനൻസുകൾ ഉണ്ട് ;

(സി) എത്ര ഓർഡിനൻസുകളാണ് നിയമ നിർമ്മാണത്തിലൂടെ റീപ്ലേസ് ചെയ്തത് ;

(ഡി) നിയമസഭ കൂടുന്നതിനുള്ള തീയതി ഡിക്ലയർ ചെയ്തതിനുശേഷം എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാസ്സാക്കിയ നിയമങ്ങളിൽ എത്ര എണ്ണം ഇനി നടപ്പാക്കേണ്ടതുണ്ട് ;

(എഫ്) ഇവയിൽ ഇത്രയെണ്ണം ഇനിയും ചട്ടങ്ങൾ പുറപ്പെടുവിക്കാൻ ശേഷിക്കുന്നുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നിയമങ്ങൾ ഓർഡിനൻസ് മുഖാന്തിരം അല്ലാതെ നേരിട്ട് നിയമസഭയിൽ കൊണ്ടു വന്നുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാസ്സാക്കിയ നിയമങ്ങളിൽ ഏതെല്ലാം നിയമങ്ങൾ കോടതി അസ്ഥിരപ്പെടുത്തി ;

(ഐ) അതിനുള്ള കാരണങ്ങൾ എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 81

(ബി) 1

(സി) 49

(ഡി) പുറപ്പെടുവിച്ചിട്ടില്ല.

(ഇ) 1

(എഫ്) ഒന്നും തന്നെ ശേഷിക്കുന്നില്ല.

(ജി) 90 (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)*

(എച്ച്&ഐ) ഒന്നും അസ്ഥിരപ്പെടുത്തിയിട്ടില്ല. എന്നാൽ 2006-ലെ കേരള പ്രൊഹഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പു വരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്റ്റിലെ 3,7,8 (ബി) (സി), 10 എന്നീ വകുപ്പുകൾ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly